**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5080** **14-03-2023 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ മലയാള ഭാഷ നിർബന്ധമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെ എല്ലാ വിദ്യാലയങ്ങളിലും മലയാള ഭാഷ നിർബന്ധമായും പഠിപ്പിക്കണമെന്ന നിയമ വ്യവസ്ഥ നിലവിലുണ്ടോ; അറിയിക്കുമോ; | (എ) | (എ) 02/06/2018 ലെ അസാധാരണ ഗസറ്റ് വിജ്ഞാപനം എസ്.അർ.ഒ നമ്പർ.366/2018 പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ / സി.ഐ.എസ്.സി.ഇ എന്നീ ബോർഡുകളുടെ കീഴിലുള്ള സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | (ബി) സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്തുവാൻ പാടില്ല എന്ന് 2017 ലെ മലയാള ഭാഷാ പഠന ആക്റ്റിന്റെ 3ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾ ലംഘിച്ചാൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആക്റ്റിലെ വ്യവസ്ഥ പ്രകാരം, പരാതി ലഭ്യമാകുന്ന അവസരത്തിൽ പരിശോധിച്ച് ചട്ടാനുസൃതമുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | മലയാള ഭാഷാ പഠനം കർശനമായി നടപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | (സി) മലയാള ഭാഷാ പഠനം കർശനമായി നടപ്പാക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതു വിദ്യാഭ്യസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ഭാഷാന്യൂനപക്ഷ പ്രദേശങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ മലയാളം അദ്ധ്യാപകരെ നിയമിച്ച്, മലയാള ഭാഷാ പഠനചട്ടപ്രകാരമുള്ള ഭാഷാ പഠനം സാദ്ധ്യമാക്കുന്നുണ്ട്. ഓറിയന്റൽ സ്കൂളുകളിൽ മലയാള ഭാഷാ പഠനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ പ്രൈമറി തലത്തിൽ അടിസ്ഥാനപരമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനും ആശയവിനിമയത്തിനും പ്രാദേശികഭാഷയായ മലയാളം, എസ്.എസ്.എൽ.സിയ്ക്ക് പാർട്ട്1 അല്ലെങ്കിൽ പാർട്ട് 11 ലോ അല്ലെങ്കിൽ പഠനമാധ്യമമായോ പഠിച്ചിട്ടുള്ളവരെ എൽ. പി, യു. പി അധ്യാപകരായി നിയമിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാത്രമല്ല സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/അധ്യാപക ട്രൈനിംഗ് യോഗ്യത, തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റെഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണെന്ന 22.05.2018-ലെ ഉത്തരവു സർക്കാർ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്.<br><br>22.05.2018ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സേവനത്തിൽ പ്രവേശിച്ചവർക്ക്, അവരുടെ മലയാളഭാഷാ പ്രാവീണ്യം ഉറപ്പാക്കുന്നതിനായി ഒരു യോഗ്യതാപരീക്ഷ നടത്തുന്നത് സംബന്ധിച്ച് വ്യക്തമായ ശിപാർശ സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ